"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം കുളത്തുപ്പുഴ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിനോട് ചേർന്ന സ്ഥലത്ത് 'ടേക്ക് എ ബ്രേക്ക് 'മാതൃകയിൽ വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ(ഡബ്ല്യൂ.എം) വകുപ്പ്**

G.O.(Rt)No.2230/2024/LSGD തീയതി,തിരുവനന്തപുരം, 16-11-2024

പരാമർശം:- 1. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ 16.10.2024-ലെ ഖണ്ഡിക നമ്പർ 4.4 പ്രകാരമുള്ള തീരുമാനം

**ഉത്തരവ്**

കൊല്ലം ജില്ലാ പഞ്ചായത്ത് “തണ്ണീർ പന്തൽ” എന്ന പേരിൽ ടേക്ക് എ ബ്രേക്ക് മാതൃകയിൽ വഴിയോര വിശ്രമകേന്ദ്രം നിർമ്മിക്കുന്ന പദ്ധതിയുടെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഉടമസ്ഥതയിലുള്ള കൊല്ലം കുളത്തുപ്പുഴ ശ്രീധർമ്മ ശാസ്താക്ഷേത്രത്തിനോട് ചേർന്നുള്ള സ്ഥലത്ത് വഴിയോര വിശ്രമകേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസലിന് ദേവസ്വം ബോർഡ് 25.07.2024-ൽ അനുമതി നൽകിയിട്ടുണ്ട്. വഴിയോര വിശ്രമകേന്ദ്രത്തിനോടനുബന്ധിച്ച് നിർമ്മിക്കുന്ന കഫറ്റേരിയ ലേലം ചെയ്യുമ്പോൾ നിശ്ചയിക്കുന്ന ലേല തുകയുടെ 50% 15 വർഷത്തേയ്ക്ക് ജില്ലാ പഞ്ചായത്തിന് നൽകാൻ ദേവസ്വം ബോർഡ് തീരുമാനിച്ചിട്ടുണ്ട് എന്നും പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നുമുള്ള കൊല്ലം ജില്ലാപഞ്ചായത്തിന്റെ അപേക്ഷ 16.10.2024-ൽ കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ യോഗം പരിശോധിച്ചതിൽ കോ ഓർഡിനേഷൻ കമ്മിറ്റി ആയതിന് പരാമർശം പ്രകാരം,ദേവസ്വം ബോർഡിന്റെ സ്ഥലമാണെങ്കിലും എല്ലാ വിഭാഗത്തിലുംപെട്ട പൊതു ജനങ്ങൾക്ക് പ്രയോജനപ്പെടുമെന്നുറപ്പാക്കണമെന്ന നിബന്ധനയോടെ, അനുമതി നൽകി. ഇതിനായി പ്രോജക്ട് തയ്യാറാക്കി വിശദാംശം സഹിതം ജില്ലാ ആസൂത്രണസമിതിക്ക് നൽകേണ്ടതാണ് എന്നും ഇതിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് തുടർനടപടി സ്വീകരിക്കണമെന്നും തീരുമാനിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റിയുടെ പരാമർശത്തിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന് കീഴിലുള്ള കൊല്ലം കുളത്തുപ്പുഴ ശ്രീ ധർമ്മ ശാസ്താ ക്ഷേത്രത്തിനോട് ചേർന്ന സ്ഥലത്ത് 'ടേക്ക് എ ബ്രേക്ക് 'മാതൃകയിൽ വഴിയോര വിശ്രമ കേന്ദ്രം നിർമ്മിക്കുന്നതിന് കൊല്ലം ജില്ലാ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

PREETHA K S

ADDITIONAL SECRETARY

വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോ ഓർഡിനേഷൻ കമ്മിറ്റി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്

സെക്രട്ടറി, കൊല്ലം ജില്ലാ പഞ്ചായത്ത്

കമ്മീഷണർ, തിരുവിതാംകൂർ ദേവസ്വം ബോർഡ്

വെബ് & ന്യൂ മീഡിയ, I&PRD,തിരുവനന്തപുരം

കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Manish V V

Date: 18-11-2024 07:45:39

സെക്ഷൻ ഓഫീസർ